DESPATCHED
On. 08/06/2020

27/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**
**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2987(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.18505/SIC-Gen 2/2014**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അബീഷ് കുമാർ,
തവരയിൽ പനയാട,
തെറ്റുവഴി,
പേരാവൂർ – 670 673,
കണ്ണൂർ. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ്മാസ്റ്റർ,
പി.പി. രാഘവൻ മെമ്മോറിയൽ യു.പി. സ്കൂൾ,
മുഴക്കുന്ന്, മുഴക്കുന്ന് പി.ഒ.,
കണ്ണൂർ – 670 673.

2. അപ്പീൽ അധികാരി &
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ഇരിട്ടി, തലശ്ശേരി, കണ്ണൂർ ജില്ല. } എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ ബാബു വാച്ചാലി എന്നയാളുടെ സർവീസ് പുസ്തകവും അനുബന്ധ രേഖകളും ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ലെന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 22.03.19ൽ കണ്ണൂർ കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. ആദ്യം മറുപടി നൽകിയതിൽ പാകപ്പിഴകളുണ്ടായെങ്കിലും, ഒന്നാം അപ്പീലധികാരിയുടെ തീർപ്പിനുശേഷം, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകിയതായി ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം അപ്പീലധികാരിയുടെ തീർപ്പിനുശേഷം വിവരങ്ങൾ നൽകിയത് 05.01.2015ലാണ്. അതിനു മുമ്പ് 19.11.14ലാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷന് പരാതി നൽകിയത്.

5. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിക്കാരന്, ഇതിനകം നൽകാൻ കഴിയുന്ന വിവരങ്ങൾ നൽകിക്കഴിഞ്ഞുവെന്ന് കമ്മീഷൻ കരുതുന്നു. അതുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM